II. **ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (5 x 5 = 25)

26. വിവർത്തനത്തിന്റെ സൈദ്ധാന്തിക തലങ്ങളെക്കുറിച്ചും വിവിധ രീതികളെ കുറിച്ചും ഉപന്യസിക്കുക.

27 സാഹിത്യവും സിനിമയും തമ്മിലുള്ള പരസ്പരബന്ധത്തെ കുറിച്ച് പ്രശസ്തമായ അനുവർത്തന സിനിമകളെ ആധാരമാക്കി വിശകലനം ചെയ്യുക.

28. മലയാളത്തിലെ സ്ത്രീ നാടകവേദിയുടെ ചരിത്രവും വർത്തമാനവും പരിശോധിക്കുക.

29. കോമാളിയുഗത്തെ വി. കെ. എൻ. നേരിടുന്നത് അതിപുരുഷന്മാരിലൂടെയാണ്. കോമാളിയുഗം സൃഷ്ടിക്കുന്ന അസന്തുഷ്ടിയെനിശിതമായ ഫലിതത്തിലൂടെ വി.കെ.എൻ. കഥാപാത്രങ്ങൾ മറികടക്കുന്നു. കെ പി അപ്പന്റെ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

30. ഉത്തരാധുനികത ആധുനികതയുടെ തുടർച്ചയോ - ഭിന്നമതങ്ങൾ പരിശോധിക്കുക.

31. ഡിജിറ്റൽ എഴുത്തും വായനയും ഭാഷയെ എങ്ങിനെ സ്വാധീനിക്കുന്നു എന്നെഴുതുക.

32. മലയാള ചെറുകഥാ സാഹിത്യത്തിന്റെ കാലികമായ അവസ്ഥ എന്താണ് ?

33 ഭാഷയിലെ അനുപ്രയോഗങ്ങളെ ഉദാഹരണസഹിതം പരിചയപ്പെടുത്തുക.

--***--

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

# എം. എ പ്രവേശനപരീക്ഷ - 2025

## എം.എ മലയാളം (സാഹിത്യപഠനം)

**കോഴ്സ് കോഡ് : MUE 25 MLS - 02**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തെരഞ്ഞെടുത്തെഴുതുക** (01 x 25= 25)

1. മലയാളത്തിലെ ആദ്യ ഫ്യൂച്ചറിസ്റ്റ് കാവ്യം എന്നറിയപ്പെടുന്നത്?
   a. ദുരവസ്ഥ　b. കരുണ
   c. നളിനി　d. ലീല
2. 'സരസ്വതീവിജയം' പ്രസിദ്ധീകരിച്ച വർഷം?
   a. 1889　b. 1982
   c. 1890　d. 1888
3. "കവിതയുടെ ജീവചരിത്രം" ആരുടെ പുസ്തകം?
   a. കൽപ്പറ്റ നാരായണൻ　b. കെ എ .ജയശീലൻ
   c. കെ സച്ചിദാനന്ദൻ　d. ഇ .പി രാജഗോപാലൻ
4. മലയാളത്തിലെ ആദ്യ ചെറുകഥയായി കരുതുന്ന വാസനാവികൃതി പ്രസിദ്ധീകരിച്ച മാസിക ഏത്?
   a. വിദ്യാവിലാസിനി　b. വിദ്യാവിനോദിനി
   c. രാജ്യസമാചാരം　d. ഭാഷാപോഷിണി
5. ഒക്റ്റോവിയാ പാസിന്റെ 'SUNSTONE " എന്ന കവിത സൂര്യശില എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്?
   a. അയ്യപ്പപ്പണിക്കർ　b. സച്ചിദാനന്ദൻ
   c. ചുള്ളിക്കാട്　d. കടമ്മനിട്ട
6. പ്രേതങ്ങൾ ഏത് കൃതിയുടെ വിവർത്തനമാണ്.
   a. ഇബ്സെന്റ "GHOSTS "　b. എ മിഡ് സമ്മർ നൈറ്റ്സ് ഡ്രീം
   c. യുലീസസ് ഗേസ്　d. സ്ട്രൈഞ്ചേഴ്സ്
7. താഴെ കൊടുത്തവയിൽ ചെറുകാടിന്റെ നോവലുകളുടെ ജോഡിഏത്?
   a. മുത്തശ്ശി, വിഷകന്യക　b. ഉമ്മാച്ചു, വിഷകന്യക
   c. മണ്ണിന്റെ മാറിൽ, മുത്തശ്ശി　d. ദേവലോകം, പ്രേമാമൃതം.
8. ഖാൻ ബഹദൂർ പൂക്കോയതങ്ങൾ ഏത് നോവലിലെ കഥാപാത്രം.?
   a. ഖസാക്കിന്റെ ഇതിഹാസം　b. സ്മാരകശിലകൾ
   c. അസുരവിത്ത്　d. സുന്ദരികളും സുന്ദരന്മാരും
9. നളിനി എന്ന കഥാപാത്രം കാരൂരിന്റെ ഏതു ചെറുകഥയിലാണ്?
   a. മോതിരം　b. മരപ്പാവകൾ
   c. പൊതിച്ചോറ്　d. അത്ഭുത മനുഷ്യൻ
10. ഇക്കണ്ടക്കുറുപ്പ് ഏതു ചെറുകഥയിലെ കഥാപാത്രമാണ്?
    a. ദ്വാരക　b. ഉളിപിടിച്ച കൈ
    c. വാസനാ വികൃതി　d. പക്ഷിയുടെ മണം
11. ചുല്യാറ്റ് ഏതു കഥയിലെ കഥാപാത്രം?
    a. തിരുത്ത്　b. അഗ്നി
    c. ഹിഗിറ്റ　d. ശിശു
12. 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന ചെറുകഥ എഴുതിയതാര്?
    a. തോട്ടക്കാട് ഇക്കാവമ്മ　b. എം സരസ്വതീഭായ്
    c. സരസ്വതിയമ്മ　d. മാനസി
13. നോർവീജിയൻ നാടകകൃത്ത് ഇബ്സനെ മലയാളത്തിലേക്ക് സ്വാംശീകരിച്ച നാടകകാരൻ?
    a. കെ ടി മുഹമ്മദ്　b. വൈലോപ്പിള്ളി
    c. എൻ കൃഷ്ണപിള്ള　d. താജ്



14. മലയാളത്തിലെ ആദ്യത്തെ സംഗീത നാടകം
    a. സദാരാമ　b. സംഗീത നൈഷധം
    c. സംഗീത സുതന്ത്രിരം　d. ബാലഗോപാലൻ
15. ഇന്ത്യയിൽ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ സ്ഥിരം വേദി ?
    a. മുംബൈ　b. കൊൽക്കത്ത
    c. ഗോവ　d. ഹൈദരബാദ്
16. 'ഗതി' യുടെ ഉദാഹരണം ഏതാണ് ?
    a. ഊടെ　b. ഉം
    c. ഛെ!　d. ഓ
17. താഴെ കൊടുത്തവയിൽ സ്വരസന്ധി ഏതാണ് ?
    a. നെല്മണി　b. തിരുവാതിര
    c. തണ്ണീർ　d. കണ്ണില്ല
18. ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട് എഴുതപ്പെട്ട കഥ ?
    a. മുംബൈ　b. തിരുത്ത്
    c. വന്മരങ്ങൾ വീഴുമ്പോൾ　d. കുതുബ്ദ്ധീൻ അൻസാരി ചിരിക്കുന്നു
19. ആദ്യ 70 എം എം മലയാളചലച്ചിത്രമേത്?
    a. മൈഡിയർ കുട്ടിച്ചാത്തൻ　b. ഭാർഗവീനിലയം
    c. പടയോട്ടം　d. തച്ചോളി അമ്പു
20. യക്ഷി എന്ന മലയാള സിനിമ ആരുടെ നോവൽ അനുകല്പനം ചെയ്തുണ്ടായതാണ് ?
    a. എം ടി വാസുദേവൻനായർ　b. മാധവിക്കുട്ടി
    c. മലയാറ്റൂർ രാമകൃഷ്ണൻ　d. കോവിലൻ
21. "കടലിന് കറുത്ത നിറമായിരുന്നു. ഒരു കൊട്ടാരവും ഒരു മഹാനഗരവും വിഴുങ്ങിക്കഴിഞ്ഞിട്ടും വിശപ്പടങ്ങാത്ത പോലെ തിരകൾ തീരത്ത് തല തല്ലിക്കൊണ്ടലറി". ഏത് നോവലിലെ ആരംഭവാക്യങ്ങൾ ആണിത് ?
    a. സ്മാരകശിലകൾ　b. മഞ്ഞ്
    c. പിതാമഹൻ　d. രണ്ടാമൂഴം
22. മലയാള നോവലിന്റെദേശകാലങ്ങൾ ആരുടെ കൃതി?
    a. ഇ പി രാജഗോപാലൻ　b. ഇ.വി.രാമകൃഷ്ണൻ
    c. പി.പി.രവീന്ദ്രൻ　d. ജെ. ദേവിക.
23. ഭർതൃഹരിയുടെ നീതിശതകം മലയാളത്തിലേക്ക് വിവർത്തനം ചെയ്ത വിമർശകൻ ആര്?
    a. അപ്പൻ തമ്പുരാൻ
    b. സാഹിത്യ പഞ്ചാനൻപി കെ നാരായണപിള്ള
    c. വടക്കുംകൂർ രാജരാജവർമ്മ
    d. ഡോക്ടർ കെ ഭാസ്കരൻനായർ
24. ഇന്ത്യയിൽ ആദ്യത്തെ ചലച്ചിത്ര പ്രദർശനം നടത്തിയത് ആര്?
    a. കുറോസോവ　b. സത്യജിത് റെ
    c. ലൂമിയാർ സഹോദരന്മാർ　d. ഫെല്ലിനി
25. ഉത്തരാധുനികതയെ പിൽക്കാല മുതലാളിത്തത്തിന്റെ സാംസ്കാരിക യുക്തി എന്ന നിലയിൽ വിശദീകരിച്ച ചിന്തകൻ /ചിന്തക ആര്?
    a. റെയ്മണ്ട് വില്യംസ്　b. ടെറി ഈഗിൾടൺ
    c. ജൂലിയ ക്രിസ്റ്റേവ　d. ഫ്രെഡറിക് ജെയിംസൺ